# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

**ഫോൺ:** 0466 2212279 **ഇമെയിൽ:** kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ

**എ.എ.എസ്. 12/2021 (**ചൊവ്വാഴ്ച**)** **തീയ്യതി: 09.02.2021**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 10.02.2021 | 11.02.2021 | 12.02.2021 | 13.02.2021 | 14.02.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (ºC) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (ºC) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 72 | 72 | 72 | 72 | 72 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 28 | 28 | 28 | 28 | 28 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 14 | 14 | 12 | 12 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 70 | 90 | 90 | 90 | 110 |
| മേഘവ്യാപ്തി (ഒക്ട) | 2 | 4 | 5 | 5 | 4 |

ജില്ലയിൽ വരും ദിവസങ്ങളിൽ മഴയ്ക്കുള്ള സാധ്യത കുറവാണ്. കൂടിയ താപനില 33 ºC വരെയും കുറഞ്ഞ താപനില 24 ºC വരെയും ആകാൻ സാധ്യത.

**പൊതു നിർദ്ദേശങ്ങൾ**: ബാഷ്പീകരണതോത് കൂടിയ സാഹചര്യമായതിനാൽ വിളകൾക്ക് ആവശ്യാനുസരണം നന നൽകി പുതയിട്ടു സംരക്ഷിക്കുക.

### കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ചാഴി | കതിര് നിരന്നുകൊണ്ടിരിക്കുന്ന നെൽപ്പാടങ്ങളിൽ ചാഴിയുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ നെൽപ്പാടങ്ങളിൽ ഈ സമയത്ത് ഫിഷ് അമിനോ ആസിഡ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക |
| വാഴ | പിണ്ടിപ്പുഴു | പിണ്ടിപ്പുഴുവിന്റെആക്രമണംകുറക്കാൻബ്യുവേറിയബാസിയാന 20 g / 1 L വെള്ളത്തിൽകലക്കിഇലകവിളുകളിൽതളിച്ച്കൊടുക്കുക. വാഴയിൽ ചളി തേച്ചുപിടിപ്പിക്കുക. EPN 4 ഇലകവിളുകളിൽ ഒരെണ്ണം വീതം വയ്ക്കുക |
| വെള്ളരിവർഗ്ഗ വിളക ൾ | കായീച്ച | വെള്ളരിവർഗ്ഗ വിളകളിലെ കായീച്ചകളെ നിയന്ത്രിക്കാൻ ക്യൂലൂർ ഫിറമോൺ കെണി 15 സെന്റിന് ഒന്ന് എന്ന കണക്കിൽ വച്ച് കൊടുക്കുക |
| തെങ്ങ് | കൊമ്പൻ ചെല്ലി | നല്ല രീതിയിൽ തെങ്ങിൻ തലപ്പ് വൃത്തിയാക്കി 200 ഗ്രാം മണലും വേപ്പിൻ പിണ്ണാക്കും അടങ്ങിയ മിശ്രിതം 10:1 എന്ന അനുപാതത്തിൽ തെങ്ങോല കവിളുകൾക്കിടയിൽ ഇട്ടു കൊടുക്കുന്നത് കൊമ്പൻ ചെല്ലിയുടെ ആക്രമണം തടയാൻ സഹായിക്കുന്നു |